**മധുരമായ കുട്ടികളേ- നിങ്ങളുടെ ഈ ഗീതങ്ങളാണ് മൃതസഞ്ജീവനിയാകുന്ന ഔഷധം, ഇത് വെക്കുന്നതിലൂടെ അബോധാവസ്ഥ ഇല്ലാതാകും.**

**ചോദ്യം -** അവസ്ഥ മോശമാകാനുള്ള കാരണമെന്താണ്? ഏത് യുക്തിയിലൂടെ അവസ്ഥയെ വളരെ നല്ലതാക്കി വെക്കാൻ സാധിക്കും?
**ഉത്തരം -** 1) ജ്ഞാനത്തിന്റെ നൃത്തം ചെയ്യുന്നില്ല, വ്യർത്ഥകാര്യങ്ങളിൽ തന്റെ സമയത്തെ പാഴാക്കുകയാണ്, അതിനാൽ അവസ്ഥ മോശമാകുന്നു. 2) മറ്റുള്ളവർക്ക് ദുഃഖം കൊടുക്കുമ്പോഴും അതിന്റെ പ്രഭാവം അവസ്ഥയെ ബാധിക്കും. അവസ്ഥ നല്ലതാകുന്നത് മധുരതയോടെ നടക്കുമ്പോഴും, ഓർമ്മയിൽ പൂർണ്ണമായും അറ്റൻഷൻ കൊടുക്കുമ്പോഴുമാണ്. ഉറങ്ങുന്നതിനുമുമ്പ് കുറഞ്ഞത് അരമണിക്കൂറെങ്കിലും ഓർമ്മയിലിരിക്കൂ, പിന്നെ അതിരാവിലെ എഴുന്നേറ്റ് ഓർമ്മയിലിരിക്കൂ, എങ്കിൽ അവസ്ഥ നല്ലതായിരിക്കും.

**ഗീതം -** എൻ മനസ്സിൻ കവാടത്തിൽ വന്നതാരോ...

ഈ പാട്ടും ബാബ കുട്ടികൾക്കുവേണ്ടി ഉണ്ടാക്കിയതാണ് . ഇതിന്റെ അർത്ഥവും കുട്ടികളല്ലാതെ വേറെയാർക്കും അറിയാൻ സാധിക്കില്ല. ബാബ പല തവണ മനസ്സിലാക്കിത്തന്നിട്ടുണ്ട്, അതായത് ഇങ്ങനെയുള്ള നല്ല നല്ല പാട്ടുകൾ വീട്ടിലുണ്ടായിരിക്കണം. ആരെങ്കിലും സ്വബോധമില്ലാതെ വരികയാണെങ്കിൽ ഈ പാട്ട് വെക്കുന്നതിലൂടെ ബുദ്ധിയിൽ പെട്ടെന്ന് അർത്ഥം മനസ്സിലാകും അതോടെ അബോധാവസ്ഥ ഇല്ലാതാകും. ഈ പാട്ടുകൾ മൃതസഞ്ജീവനിയാകുന്ന ഔഷധവുമാണ്. ബാബ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്, പക്ഷേ ആരെങ്കിലും പ്രയോഗത്തിലേക്ക് കൊണ്ടുവരണം. ഇപ്പോൾ ഈ ഗീതത്തിൽ ആരാണ് പറയുന്നത് നമ്മുടേയും നിങ്ങളുടേയും എല്ലാവരുടെയും ഹൃദയത്തിൽ ആരാണ് വന്നിരിക്കുന്നത്! ആരാണ് വന്ന് ജ്ഞാനത്തിന്റെ ഡാൻസ് ചെയ്യുന്നത്. പറയാറില്ലേ ഗോപികമാർ നൃത്തം ചെയ്ത് കൃഷ്ണനെക്കൊണ്ട് നൃത്തം ചെയ്യിപ്പിച്ചിരുന്നു, ഇതുണ്ടായിരുന്നില്ല. ഇപ്പോൾ ബാബ പറയുകയാണ് - അല്ലയോ സാളിഗ്രാമമായ കുട്ടികളേ എല്ലാവരോടുമാണല്ലോ പറയുന്നത്. പഠിപ്പ് നടക്കുന്നിടമാണ് വിദ്യാലയം, ഇതും സ്കൂളാണ് എന്ന് നിങ്ങൾ കുട്ടികൾക്കറിയാം നമ്മുടെ ഹൃദയത്തിൽ ആരുടെ ഓർമ്മയാണ് വരുന്നത്! ഒരു മനുഷ്യന്റേയും ബുദ്ധിയിൽ ഈ കാര്യമില്ല. ഈയൊരു സമയം മാത്രമാണ് നിങ്ങൾ കുട്ടികൾക്ക് ബാബയുടെ ഓർമ്മയുണ്ടാവുക, വേറെയാരും ഓർമ്മിക്കുന്നില്ല. ബാബ പറയുന്നു നിങ്ങൾ ദിവസവും എന്നെ ഓർമ്മിക്കൂ എങ്കിൽ ധാരണ വളരെ നല്ലതായിരിക്കും. ഞാൻ എങ്ങനെ നിർദ്ദേശം നൽകുന്നുവോ അതേപോലെ നിങ്ങൾ ഓർമ്മിക്കുന്നില്ല. മായ നിങ്ങളെ ഓർമ്മിക്കാൻ അനുവദിക്കുന്നില്ല. ഞാൻ പറയുന്നതിനനുസരിച്ച് നിങ്ങൾ വളരെ കുറച്ചേ നടക്കുന്നുള്ളു. മായ പറയുന്നതിലൂടെ വളരെ കൂടുതൽ നടക്കുന്നു. പല പ്രാവശ്യം പറഞ്ഞിട്ടുണ്ട് - രാത്രി ഉറങ്ങുന്നതിന് മുമ്പ് അരമണിക്കൂറെങ്കിലും ബാബയുടെ ഓർമ്മയിലിരിക്കണം. ഭാര്യാ-ഭർത്താക്കന്മാർ ഒരുമിച്ചായിക്കോട്ടെ, വേറെ വേറെയായിക്കോട്ടെ ബുദ്ധി ഒരു ബാബയുടെ ഓർമ്മയിലായിരിക്കണം. പക്ഷേ വിരളം പേരെ ഓർമ്മിക്കുന്നുള്ളു. മായ മറപ്പിക്കുന്നു. ആജ്ഞയനുസരിച്ച് നടക്കുന്നില്ലായെങ്കിൽ എങ്ങനെ പദവി നേടും. ബാബയെ വളരെ നന്നായി ഓർമ്മിക്കണം. ശിവബാബാ അങ്ങ് തന്നെയാണ് സർവ്വാത്മാക്കളുടേയും പിതാവ്. എല്ലാവർക്കും അങ്ങയിൽനിന്നുതന്നെയാണ് സമ്പത്ത് നേടേണ്ടത്. ആര് പുരുഷാർത്ഥം ചെയ്യുന്നില്ലയോ അവർക്കും സമ്പത്ത് ലഭിക്കും, എല്ലാവരും ബ്രഹ്മാണ്ഢത്തിന്റെ അധികാരിയായി മാറും. എല്ലാ ആത്മാക്കളും ഡ്രാമയുടെ നിയമമനുസരിച്ച് നിർവ്വാണധാമത്തിൽ വരും, ഒന്നും ചെയ്തില്ലെങ്കിലും. പകുതി കൽപത്തോളം ഭക്തി ചെയ്യുന്നു, പക്ഷേ ഞാൻ ഗൈഡായി വരാത്തിടത്തോളം ആർക്കും തിരിച്ചുപോകാൻ സാധിക്കില്ല. ആരും തന്നെ വഴി കാണിച്ചുതന്നിട്ടില്ല. അഥവാ കാണിച്ചുതന്നിരുന്നെങ്കിൽ അവരുടെ പിന്നാലെ എല്ലാവരും കൊതുകിൻകൂട്ടം പോലെ പോകുമായിരുന്നു. മൂലവതനം എന്താണ് - ഇതാരും അറിയുന്നില്ല. നിങ്ങൾക്കറിയാം ഇതുണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്, ഇതുതന്നെ വീണ്ടും ആവർത്തിക്കണം. ഇപ്പോൾ പകൽ കർമ്മയോഗിയായി മാറി ജോലിയിൽ മുഴുകണം. ഭക്ഷണം പാകം ചെയ്യുന്ന കർമ്മമെല്ലാം ചെയ്യണം, വാസ്തവത്തിൽ കർമ്മസന്യാസം ചെയ്യുന്നത് തെറ്റാണ്. കർമ്മം കൂടാതെയിരിക്കാൻ സാധിക്കില്ല. കർമ്മസന്യാസിയെന്ന് തെറ്റായ പേരാണ് വെച്ചിരിക്കുന്നത്. പകൽ ജോലിയെല്ലാം ചെയ്യൂ, രാത്രിയിലും രാവിലേയും ബാബയെ നല്ലരീതിയിൽ ഓർമ്മിക്കൂ. ആരെയാണോ ഇപ്പോൾ സ്വന്തമാക്കിയിരിക്കുന്നത്, ആ ആളെ ഓർമ്മിക്കുമ്പോൾ സഹായം ലഭിക്കും. ഓർമ്മിക്കുന്നില്ലായെങ്കിൽ സഹായം ലഭിക്കില്ല. ധനികർക്ക് ബാബയുടേതായി മാറുന്നതിൽ ഹൃദയം തകരും, പദവിയും ലഭിക്കില്ല. ഈ ഓർമ്മ വളരെ സഹജമാണ്. ബാബ നമുക്ക് പിതാവുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. മുഴുവൻ രഹസ്യവും ബാബ പറഞ്ഞുതരികയാണ്

– ഈ മുഴുവൻ ലോകത്തിന്റേയും ഭൂമിശാസ്ത്രവും ചരിത്രവും എങ്ങിനെയാണ് ആവർത്തിക്കുന്നത്. ബാബയെ ഓർമ്മിക്കണം, സ്വദർശനചക്രം കറക്കണം. എല്ലാവരേയും തിരികെ കൂട്ടിക്കൊണ്ടുപോകുന്നത് ബാബയാണ്. ഇങ്ങനെ ഇങ്ങനെയുള്ള ചിന്തകളിൽ ഇരിക്കണം. രാത്രി ഉറങ്ങുന്ന സമയത്തും ഈ ജ്ഞാനം ബുദ്ധിയിൽ കറങ്ങിക്കൊണ്ടേയിരിക്കണം. രാവിലെ എഴുന്നേൽക്കുമ്പോഴും ഈ ജ്ഞാനം ഓർമ്മയുണ്ടായിരിക്കണം നമ്മൾ ബ്രാഹ്മണർ തന്നെയാണ് പിന്നീട് ദേവത, ക്ഷത്രിയർ, വൈശ്യർ ,ശൂദ്രരായി മാറുന്നത്. പിന്നെ ബാബ വന്ന് വീണ്ടും നമ്മൾ ശൂദ്രനിൽനിന്നും ബ്രാഹ്മണനാക്കി മാറ്റുന്നു. ബാബ ത്രിമൂർത്തിയാണ്, ത്രികാലദർശിയാണ്, ത്രിനേത്രിയാണ്. നമ്മുടെ ബുദ്ധി തുറന്നുതന്നിരിക്കുന്നു. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രവും ലഭിച്ചു. ഇങ്ങനെയുള്ള ബാബ വേറെയുണ്ടാകില്ല. ബാബ രചനകളെ രചിക്കുന്നതുകൊണ്ട് മാതാവുമായി. ജഗദംബയെ നിമിത്തമാക്കി മാറ്റുന്നു. ബാബ ഈ ശരീരത്തിൽ പ്രവേശിച്ച് ബ്രഹ്മാവിന്റെ രൂപത്തിലൂടെ കളിച്ച് രസിക്കുകയും ചെയ്യുന്നു. ചുറ്റിക്കറങ്ങാനും പോകുന്നു. നമ്മൾ ബാബയെയല്ലേ ഓർമ്മിക്കുന്നത്! നിങ്ങൾക്കറിയാം ഈ രഥത്തിലേക്കാണ് വരുന്നത്. നിങ്ങൾ പറയും ബാപ്ദാദ നമ്മുടെ കൂടെ കളിക്കുന്നു. കളിയിലൂടെയും ബാബ ഓർമ്മിക്കാനുള്ള പുരുഷാർത്ഥം ചെയ്യിക്കുകയാണ് . ബാബ പറയുന്നു, ഞാൻ ഈ ശരീരത്തിലൂടെ കളിച്ചുകൊണ്ടിരിക്കുകയാണ്. ചൈതന്യമല്ലേ. ഇങ്ങനെയുള്ള ചിന്തകളുണ്ടായിരിക്കണം. ഇങ്ങനെയുള്ള ബാബയിൽ അർപ്പണമാകണം. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ പാടിക്കൊണ്ടേ വന്നതല്ലേ അവകാശിയാകും... ഇപ്പോൾ ബാബ പറയുകയാണ് എന്നെ ഈ ഒരു ജന്മത്തിൽ തന്റെ അവകാശിയാക്കി മാറ്റൂ. എങ്കിൽ ഞാൻ 21 ജന്മങ്ങളിലേക്ക് രാജ്യഭാഗ്യം നൽകാം. ഇപ്പോൾ ഈ ആജ്ഞ നൽകിയാൽ ആ നിർദ്ദേശങ്ങൾക്കനുസരിച്ച് നടക്കണം. എങ്ങനെ കാണുന്നുവോ അതേപോലെ നിർദ്ദേശങ്ങൾ നൽകും. നിർദ്ദേശങ്ങളിലൂടെ നടക്കുമ്പോൾ മമത്വം ഇല്ലാതാകും, പക്ഷേ ഭയപ്പെടുന്നു. ബാബ പറയുന്നു നിങ്ങൾ അർപ്പണമാകുന്നില്ലെങ്കിൽ ഞാൻ എങ്ങനെ സമ്പത്ത് നൽകും. നിങ്ങളുടെ പൈസയൊന്നും എടുത്തുകൊണ്ടുപോകുന്നില്ലല്ലോ. ബാബ പറയുന്നു, നിങ്ങളുടെ പൈസ, സാഹിത്യവിഭാഗത്തിനായി ഉപയോഗിക്കൂ. ട്രസ്റ്റിയല്ലേ. ബാബ ഉപദേശങ്ങൾ തന്നുകൊണ്ടേയിരിക്കുന്നു. ബാബക്കുള്ള തെല്ലാം കുട്ടികൾക്കുവേണ്ടിയാണ്. കുട്ടികളിൽനിന്നും ഒന്നും എടുക്കുന്നില്ല. യുക്തിയോടെ മനസ്സിലാക്കിത്തരികയാണ് കേവലം മമത്വം ഉപേക്ഷിക്കണം. മോഹവും വളരെ കടുത്തതാണ് (കുരങ്ങനെപ്പോലെ). ബാബ പറയുന്നു നിങ്ങൾ കുരങ്ങനെപ്പോലെ എന്തിന് മോഹം വെക്കുന്നു. വീടു വീടുകൾ എങ്ങനെ ക്ഷേത്രമായി മാറും. ഞാൻ നിങ്ങളെ കുരങ്ങന്റെ അവസ്ഥയിൽനിന്ന് മോചിപ്പിച്ച് ക്ഷേത്രത്തിലിരിക്കാൻ യോഗ്യരാക്കി മാറ്റുകയാണ്. നിങ്ങൾ ഈ കുപ്പത്തൊട്ടിയിൽ എന്തിനാണ് മമത്വം വെക്കുന്നത്. ബാബ കേവലം ശ്രീമത്ത് നൽകുകയാണ് – എങ്ങിനെ സംരക്ഷിക്കാം. എന്നാലും ബുദ്ധിയിലിരിക്കുന്നില്ല. ഇതെല്ലാം ബുദ്ധിയുടെ ജോലിയാണ്.

ബാബ വഴി പറഞ്ഞുതരികയാണ് അമൃതവേളയിലും എങ്ങനെ ബാബയോട് സംസാരിക്കാം. ബാബാ, അങ്ങ് പരിധിയില്ലാത്ത ടീച്ചറും പിതാവുമാണ്. അങ്ങേക്ക് മാത്രമേ പരിധിയില്ലാത്ത ലോകത്തിന്റെ ഹിസ്റ്ററിയും ജ്യോഗ്രഫിയും പറഞ്ഞുതരാൻ സാധിക്കൂ. ലക്ഷ്മീനാരായണന്റെ 84 ജന്മത്തിന്റെ കഥ ലോകത്തിലുള്ള മനുഷ്യർക്ക് അറിയില്ല. ജഗദംബയെ മാതാവും പിതാവുമെന്ന് പറയുന്നു. അതാരാണ്. സത്യയുഗത്തിലായിരിക്കില്ല. അവിടത്തെ മഹാറാണിയും മഹാരാജനും ലക്ഷ്മീനാരായണനാണ്. അവർക്ക് അവരുടെ സിംഹാസനത്തിലിരിക്കാൻ മകനുണ്ട്. നമുക്ക് എങ്ങനെ അവരുടെ കുട്ടിയായി സിംഹാസനത്തിലിക്കാനാവും. ഇപ്പോൾ നിങ്ങൾക്കറിയാം ഈ ജഗദംബ ബ്രാഹ്മണിയാണ്, ബ്രഹ്മാവിന്റെ പുത്രി സരസ്വതിയാണ്. മനുഷ്യർ ഈ രഹസ്യം അറിയുന്നില്ല. രാത്രിയിൽ ബാബയുടെ ഓർമ്മയിലിരിക്കുമെന്ന് നിയമം വെക്കു എങ്കിൽ വളരെ നന്നായിരിക്കും. നിയമമുണ്ടാക്കുമ്പോൾ നിങ്ങൾക്ക് അളവില്ലാത്ത സന്തോഷമുണ്ടായിരിക്കും മറ്റൊരു ബുദ്ധിമുട്ടുമുണ്ടായിരിക്കില്ല. ഒരു ബാബയുടെ കുട്ടികളായ നമ്മൾ സഹോദരീസഹോദരന്മാരാണ് എന്ന് പറയും. പിന്നീട് മോശമായ ദൃഷ്ടി വെക്കുന്നത് കുറ്റകൃത്യമാകും. ലഹരിയിലും സതോ, രജോ, തമോഗുണിയും ഉണ്ടാകുമല്ലോ. തമോഗുണി ലഹരി വർദ്ധിച്ചാൽ മരിക്കും. ഇങ്ങനെയുള്ള നിയമമുണ്ടാക്കൂ – കുറച്ചുസമയം ബാബയെ ഓർമ്മിച്ച് ബാബയുടെ സേവനത്തിന് പോകണം. പിന്നെ മായയുടെ കൊടുങ്കാറ്റ് വരില്ല. ഈ ലഹരിയിൽ മുഴുവൻ ദിവസവും നിൽക്കും, അവസ്ഥയും വളരെ ശുദ്ധമായിരിക്കും. യോഗത്തിലും ലൈൻ ക്ലിയറായിരിക്കും. പാട്ടുകളും വളരെ നല്ലതാണ്, പാട്ട് കേട്ടുകൊണ്ടിരിക്കുമ്പോൾ നൃത്തം ചെയ്യാനാരംഭിക്കും, നവോന്മേഷം ലഭിക്കും. രണ്ടോ, നാലോ, അഞ്ചോ പാട്ടുകൾ വളരെ നല്ലതാണ്. പാവപ്പെട്ടവരും ബാബയുടെ സേവനത്തിൽ മുഴുകുമ്പോൾ അവർക്ക് കൊട്ടാരം ലഭിക്കും. ശിവബാബയുടെ ഭണ്ഡാരത്തിലൂടെ എല്ലാം ലഭിക്കും. സേവാധാരിയായിരിക്കുന്ന കുട്ടികൾക്ക് ബാബ എന്താണ് കൊടുക്കാതിരിക്കുക. ശിവബാബയുടെ ഭണ്ഢാരം നിറഞ്ഞത് തന്നെയാണ്.

ഇതാണ് ജ്ഞാനത്തിന്റെ നൃത്തം. ബാബ വന്ന് ഗോപികമാരെ ജ്ഞാനത്തിന്റെ ഡാൻസ് ചെയ്യിക്കുകയാണ്. എവിടെയിരിക്കുമ്പോഴും ബാബയെ ഓർമ്മിച്ചുകൊണ്ടേയിരിക്കൂ എങ്കിൽ അവസ്ഥ വളരെ നല്ലതായിരിക്കും.

എങ്ങിനെയാണോ ബാബ ജ്ഞാനയോഗത്തിന്റെ ലഹരിയിലിരിക്കുന്നത് അതേപോലെ നിങ്ങൾ കുട്ടികളേയും പഠിപ്പിക്കുകയാണ്. ഓർമ്മിക്കുകയാണെങ്കിൽ സന്തോഷത്തിന്റെ ലഹരിയുണ്ടായിരിക്കും. അല്ലെങ്കിൽ വ്യർത്ഥകാര്യങ്ങളിലിരിക്കുന്നതിലൂടെ അവസ്ഥ മോശമാകും. അതിരാവിലെ എഴുന്നേൽക്കുന്നതും വളരെ നല്ലതാണ്. ബാബയുടെ ഓർമ്മയിലിരുന്നുകൊണ്ട് ബാബയോട് മധുരമായി സംസാരിക്കൂ. പ്രഭാഷണം ചെയ്യുന്നവർ വിചാരസാഗരമഥനം ചെയ്യേണ്ടതുണ്ട്. ഇന്ന് ഈ പോയിന്റുകൾ മനസ്സിലാക്കിക്കൊടുക്കും, ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കും. ബാബയോട് ധാരാളം കുട്ടികൾ പറയാറുണ്ട് ഞങ്ങൾ ജോലി ഉപേക്ഷിക്കട്ടേ? പക്ഷേ ബാബ പറയുന്നു ആദ്യം സേവനത്തിന്റെ തെളിവ് നൽകൂ. ബാബ ഓർമ്മയുടെ യുക്തി വളരെ നന്നായി പറഞ്ഞിട്ടുണ്ട്. പക്ഷേ കോടിയിൽ ചിലരേ ഈ ശീലമുള്ളവരുള്ളൂ. ചിലർ ഓർമ്മിക്കുന്നത് വളരെ പ്രയാസപ്പെട്ടിട്ടാണ്. നിങ്ങൾ കുമാരിമാരുടെ പേര് പ്രസിദ്ധമാണ്. എല്ലാവരും കുമാരിമാരുടെ കാൽ പിടിക്കാറുണ്ട്. നിങ്ങൾ 21 ജന്മത്തിലേക്ക് ഭാരതത്തിന് സ്വരാജ്യം കൊടുപ്പിക്കുന്നു. നിങ്ങളുടെ ഓർമ്മചിഹ്നമായി ക്ഷേത്രവുമുണ്ട്. ബ്രഹ്മാകുമാരന്മാരുടേയും കുമാരിമാരുടേയും പേരും പ്രസിദ്ധമായല്ലോ. 21 കുലത്തെ ഉദ്ധരിക്കുന്നവരാണ് കുമാരിമാർ. അതിന്റെ അർത്ഥവും മനസ്സിലാക്കണം. നിങ്ങൾ കുട്ടികൾക്കറിയാം ഇത് 5000 വർഷത്തിന്റെ ഡ്രാമയാണ്, എന്തു കഴിഞ്ഞുപോയോ അത് ഡ്രാമയാണ്. തെറ്റ് സംഭവിച്ചു അത് ഡ്രാമ. ഇനി മുന്നോട്ട് തന്റെ രജിസ്റ്റർ ശരിയാക്കിവെക്കണം. തന്റെ രജിസ്റ്ററിനെ മോശമാക്കരുത്. വളരെ വലിയ പരിശ്രമമാണ്, അപ്പോഴാണ് ഇത്രയും ഉയർന്ന പദവി ലഭിക്കുക. ബാബയുടേതായി മാറിക്കഴിഞ്ഞാൽ ബാബ സമ്പത്തും നൽകും. കുപുത്രന്മാർക്ക് സമ്പത്ത് കൊടുക്കില്ലല്ലോ. സഹായിക്കുന്നത് കടമയാണ്. വിവേകശാലികൾ ആരാണോ അവർ ഓരോ കാര്യത്തിലും സഹായിക്കും. ബാബ നോക്കൂ എത്ര സഹായിക്കുന്നു. ധൈര്യം എന്റേയും സഹായം ഈശ്വരന്റേയും. മായയുടെ മേൽ വിജയം നേടാനും ശക്തി വേണം. ഒന്ന് ആത്മീയപിതാവിനെ ഓർമ്മിക്കണം, ഒപ്പം മറ്റെല്ലാ സംഗവും വിട്ട് ഒരു സംഗത്തോട് യോജിപ്പിക്കണം. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്. ബാബ പറയുന്നു ഞാൻ ഇവരിലേക്ക് പ്രവേശിച്ചിരിക്കുകയാണ്, എന്നിട്ട് സംസാരിക്കുകയാണ്. വേറെയാർക്കും ഇങ്ങനെ പറയാൻ സാധിക്കില്ല അതായത് ഞാൻ അച്ഛനാണ്, ടീച്ചറാണ്, ഗുരുവാണ്. ബ്രഹ്മാവിനേയും വിഷ്ണുവിനേയും ശങ്കരനേയും രചിക്കുന്നവനാണ്. ഈ കാര്യങ്ങളെപ്പറ്റി നിങ്ങൾ കുട്ടികൾക്ക് മാത്രമാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ശരി,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) പഴയ കുപ്പത്തൊട്ടിയോട് മമത്വം വെക്കരുത്, ബാബയുടെ നിർദ്ദേശമനുസരിച്ച് നടന്ന് തന്റെ മമത്വം ഇല്ലാതാക്കണം. സൂക്ഷിപ്പുകാരനായിരിക്കണം.

2) ഈ അവസാനജന്മത്തിൽ ഭഗവാനെ തന്റെ അവകാശിയാക്കിമാറ്റി ബാബയിൽ അർപ്പണമാകണം, അപ്പോൾ 21 ജന്മത്തിലേക്ക് രാജ്യഭാഗ്യം ലഭിക്കും. ബാബയെ ഓർമ്മിച്ച് സേവനം ചെയ്യണം, ലഹരിയിലിരിക്കണം. രജിസ്റ്റർ ഒരിക്കലും മോശമാകാതിരിക്കാൻ ശ്രദ്ധിക്കണം.

## വരദാനം-പ്രത്യക്ഷഫലത്തിലൂടെ അതീന്ദ്രിയസുഖത്തിന്റെ അനുഭൂതി ചെയ്യുന്ന നിസ്വാർത്ഥ സേവാധാരിയായി ഭവിക്കട്ടെ.

സത്യയുഗത്തിൽ സംഗമയുഗത്തിലെ കർമ്മങ്ങളുടെ ഫലങ്ങളാണ് ലഭിക്കുന്നത്.എന്നാൽ ഇവിടെ ബാബയുടേതായി മാറുന്നതിലൂടെ പ്രത്യക്ഷഫലം സമ്പത്തിന്റെ രൂപത്തിൽ ലഭിക്കുന്നു.സേവനങ്ങൾ ചെയ്യുമ്പോൾ സേവനങ്ങൾക്കൊപ്പം സന്തോഷവും ലഭിക്കുന്നു.ആരാണോ ഓർമ്മയിലിരുന്ന്,നിസ്വാർത്ഥഭാവത്തോടെ സേവനം ചെയ്യുന്നത് അവർക്ക് സേവനത്തിന്റെ പ്രത്യക്ഷഫലം തീർച്ചയായും കിട്ടും.പ്രത്യക്ഷഫലം തന്നെയാണ് പാകപ്പെട്ട ഫലം.പാകപ്പെട്ട ഫലം സദാ ആരോഗ്യവാൻമാരാക്കി മാറ്റുന്നു.സന്തോഷം, അതീന്ദ്രിയസുഖം,ഡബിൾലൈറ്റിന്റെ അനുഭൂതി എന്നിവ യോഗയുക്തമായ യഥാർത്ഥസേവനത്തിന്റെ ഫലങ്ങളാണ്.

സ്ലോഗൻ – തന്റെ പെരുമാറ്റത്തിലൂടെ ആത്മീയമായ കുലീനതയുടെ തിളക്കവും,അന്തസ്സും അനുഭവം ചെയ്യിക്കുന്നവർ തന്നെയാണ് വിശേഷആത്മാക്കൾ.